വിക്കിപീഡിയ
സ്വതന്ത്രസർവ്വവിജ്ഞാനകോശം

മലയാളം വിക്കിപീഡിയ
പത്താം പിറന്നാൾ ആഘോഷ സമിതി
എറണാകുളം
**http://ml.wikipedia.org**

To
പത്രാധിപർ,

<u>പത്രക്കുറിപ്പ്</u>

## <u>ഇടപ്പള്ളിയോടൊപ്പം വിക്കിപീഡിയ പത്താം വയസ്സിലേക്ക്: പിറന്നാൾ ആഘോഷം 23 ന്</u>

മലയാളത്തിലെ ഏറ്റവും വലിയ ഇന്റർനെറ്റ് വിവരസംഭരണിയും ഓൺലൈൻ വിജ്ഞാനകോശവുമായ മലയാളം വിക്കിപീഡിയയ്ക്ക് ഡിസംബർ21 ന് പത്തുവയസ്സുതികയുന്നു. ഇതിന്റെ ഭാഗമായി ഡിസംബർ 23 ന് എറണാകുളത്ത് ചേരുന്ന വിക്കിപീഡിയ പിറന്നാൾ സമ്മേളനം മലയാളത്തിന്റെ പ്രിയ കവി ഇടപ്പള്ളി രാഘവൻ പിള്ളയുടെ സമ്പൂർണ്ണ കൃതകൾ വിക്കിഗ്രന്ഥശാലയിൽ ടൈപ്പ് ചെയ്ത് ചേർക്കാൻ പദ്ധതി തയ്യാറാക്കുന്നു.

വിക്കിപീഡിയയുടെ പിറന്നാൾ ആഘോഷസമ്മേളനം കലൂർ റിന്യൂവൽ സെന്ററിൽ മലയാളം സർവ്വകലാശാലാ വൈസ് ചാൻസിലർ കെ. ജയകുമാർ ഉദ്ഘാടനം ചെയ്യും. സാഹിത്യ - സാംസ്കാരിക പ്രമുഖർ പിറന്നാൾ ആശംസകൾ നേരുവാൻ ഈ സമ്മേളനത്തിൽ ഒത്തുചേരും. “മലയാളം കമ്പ്യൂട്ടിംഗും വിക്കിപീഡിയയും” എന്ന വിഷയത്തിൽ സെമിനാറും ഇതിന്റെ ഭാഗമായി നടക്കും.

ഇംഗ്ലീഷിലും, മലയാളത്തിലും ഉള്ള വിക്കിപീഡിയകളും ഇതരസംരംഭങ്ങളായ വിക്കിഗ്രന്ഥശാല, വിക്കിനിഘണ്ടു, വിക്കിചൊല്ലുകൾ തുടങ്ങിയവയും ഉപയോഗിക്കുന്നവരും ഇവയിൽ ലേഖനങ്ങൾ ചേർക്കുന്നവരുമായ കേരളത്തിനകത്തും പുറത്തുമുള്ള വിക്കിമീഡിയന്മാരാണ് ഈ ആഘോഷത്തിൽ ഒത്തുചേരുന്നത്. വിക്കിപീഡിയയെക്കുറിച്ച് കൂടുതൽ അറിയാനും അതിലെ വിവരങ്ങൾ വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ രംഗങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാനും താല്പര്യമുള്ളവർക്ക് പ്രാഥമിക വിവരങ്ങൾ നൽകുവാനും വിക്കിപീഡിയ എഡിറ്റിംഗിൽ

പ്രായോഗിക പരിശീലനം നൽകുവാനും പിറന്നാൾ സമ്മേളനത്തിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. വിക്കിപീഡിയയെക്കുറിച്ച് മലയാളത്തിൽ തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകവും ഈ പരിപാടിയിൽ പങ്കെടുക്കുന്നവർക്ക് സൗജന്യമായി വിതരണം ചെയ്യും.

മലയാളത്തിൽ പുസ്തകങ്ങൾ ഓൺലൈനായി സൗജന്യമായി ലഭ്യമാകുന്ന ഏക സംവിധാനമാണ് വിക്കിപീഡിയ സംരംഭമായ മലയാളം വിക്കിഗ്രന്ഥശാല. കേരളത്തിലെ പ്രമുഖ സാഹിത്യകാരന്മാരുടെ കൃതികൾ ലഭ്യമാക്കിയിട്ടുള്ള വിക്കിഗ്രന്ഥശാലയിൽ ഇടപ്പള്ളിയുടെ സമ്പൂർണ്ണ കൃതികൾ ചേർക്കുന്ന യജ്ഞവും അന്ന് നടക്കും. ആഘോഷത്തിനെത്തുന്ന വിക്കിമീഡിയരാണ് ഈ യജ്ഞത്തിൽ പങ്കുചേരുക. താല്പര്യമുള്ള പൊതുജനങ്ങൾക്കും ഇതിൽ പരിശീലനം നൽകും. ഇടപ്പള്ളി കൃതികൾ വിക്കിഗ്രന്ഥശാലയിൽ എത്തുന്നതോടെ ലോകത്തെവിടെയുമുള്ള മലയാളികൾക്ക് അത് എല്ലായ്പ്പോഴും സൗജന്യമായി ലഭ്യമാകുന്ന സാഹചര്യം ഉണ്ടാകും.

വിക്കിപീഡിയയുടെ പത്താം പിറന്നാൾ ആഘോഷങ്ങളുടെ ഭാഗമായി കേരളത്തിലെമ്പാടും ബാംഗ്ലൂർ പോലുള്ള നഗരങ്ങളിലും നടത്തുന്ന ആഘോഷങ്ങളുടെ പ്രധാന ഭാഗമാണ് വിക്കിപീഡിയ പിറന്നാൾ സമ്മേളനം. രണ്ടുമാസത്തോളം നീണ്ടുനിൽക്കുന്ന പത്താം വാർഷിക ചടങ്ങുകൾ ഡിസംബർ 8 ന് കണ്ണൂരിൽ നടത്തിയ വിക്കി വന-വിജ്ഞാനയാത്രയോടെ ആരംഭിച്ചു. ഡിസംബർ 21 ന് വിക്കിപീഡിയയുടെ പിറന്നാൾ ദിനത്തിൽ ഓൺലൈനായി നടത്തുന്ന വിക്കിപീഡിയ പിറന്നാൾ സമ്മാനപദ്ധതിയും 22 ന്, വിവിധ ജില്ലാകേന്ദ്രങ്ങളിൽ നടത്തുന്ന വിക്കിസമ്മേളനങ്ങളുമാണ് മറ്റ് പരിപാടികൾ.

എറണാകുളം നഗരത്തിലെ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിക്കി ക്ലബ്ബുകൾ രൂപീകരിച്ച് സംഘടിപ്പിക്കുന്ന വിക്കിവിദ്യാഭ്യാസ പദ്ധതിക്ക് 23 ന് തുടക്കം കുറിക്കും. കേരളത്തിലെ വിവിധ എഞ്ചിനീയറിംഗ് കോേജുകൾ കേന്ദ്രീകരിച്ച് വിക്കിപീഡിയ പഠനശിബിരങ്ങളും ഇതിന്റെ ഭാഗമായി ആലോചിക്കുന്നുണ്ട്.

2002 ഡിസംബർ 21 ന് തിരുവനന്തപുരം സ്വദേശിയായ വിനോദ് മേനോൻ എം.പി. യാണ് മലയാളം വിക്കിപീഡിയ തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് മുൻകൈയ്യെടുത്തത്. മലയാളം വിക്കിപീഡിയ സൃഷ്ടിച്ച്, അതിൽ ആദ്യമായി അദ്ദേഹം എഴുതിയയത് മലയാളം അക്ഷരമാലയാണ്. അതിനെ തുടർന്നുള്ള പത്തുവർഷം കൊണ്ട്

വിവരാധികാരികത (പേജ് ഡെപ്ത്) വെച്ച് നോക്കുമ്പോൾ ഇംഗ്ലീഷ് വിക്കിപീഡിയയുടെ തൊട്ടടുത്ത സ്ഥാനത്തേക്ക് ഇന്ന് മലയാളം വിക്കിപീഡിയ എത്തിച്ചേർന്നിരിക്കുന്നു. ഒരു വിജ്ഞാനകോശത്തിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട എല്ലാ വിവരങ്ങളും അതിൽ ഉൾപ്പെടുത്തപ്പെട്ടു. ml.wikipedia.org എന്ന മലയാളം വിക്കിപീഡിയരുടെ ഇപ്പോഴത്തെ പേജ് ഡെപ്ത് 295 ഉം ലേഖനങ്ങളുടെ എണ്ണം 27000 ൽ പ്പരവുമാണ്. ഇന്ത്യൻ ഭാഷകളിലെ ഏറ്റവും സജീവമായ ലേഖകരുടെ കൂട്ടായ്മ - വിക്കിമീഡിയ സമൂഹം നിലനിൽക്കുന്നതും മലയാളത്തിലാണ്.

വിക്കിപീഡിയ പിറന്നാൾ സമ്മേളനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർക്ക് http://ml.wikipedia.org/wiki/WP:BDAY10EKM എന്ന വെബ്പേജിൽ ഓൺലൈനായി പേര് രജിസ്റ്റർ ചെയ്യാം. സഹായത്തിനായി 9496436961, 9446582918 എന്നീ നമ്പരുകളിൽ വിളിക്കാവുന്നതാണ്.


**വി.കെ ആദർശ്**
(vkadarsh@gmail.com)
(ചെയർമാൻ)

**ഡോ.അജയ്ബാലചന്ദ്രൻ**
(drajay1976@yahoo.com)
(കൺവീനർ)


**പിറന്നാൾ ആഘോഷ സമിതി**